# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 360      28.10.2019 - ൽ മറുപടിക്ക്.

## പുതിയ പൊതുവിതരണ കേന്ദ്രങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. സി.കെ. ഹരീന്ദ്രൻ :** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** നിലവിലെ സർക്കാർ അധികാരത്തിലെത്തിയ ശേഷം പുതുതായി ആരംഭിച്ച പൊതുവിതരണ കേന്ദ്രങ്ങൾ എത്രയാണെന്നും, ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ; | **(എ)** നിലവിലെ സർക്കാർ അധികാരത്തിലെത്തിയ ശേഷം സംസ്ഥാനത്ത് 16 പൊതുവിതരണ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. ജില്ലാതല വിവരങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |
| **(ബി)** പുതുതായി റേഷൻ വിതരണ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ; | **(ബി)** 16.11.1995 ലെ ബി3/95/എഫ്&സി.എസ്.ഡി ലെ സർക്കുലർ പ്രകാരം പുതിയതായി റേഷൻകട അനുവദിക്കുന്നത് ആ പ്രദേശത്ത് കടയുടെ ആവശ്യകത, പ്രദേശത്തിന്റെ പ്രത്യേകത, ആ കടയിൽ വരാനുള്ള കാർഡുകളുടെ എണ്ണം എന്നിവ പരിഗണിച്ചാണ്. ചുറ്റുപാടുമുള്ള എ.ആർ.ഡി. കളുടെ വരുമാനത്തെ ബാധിക്കാതെ കുറഞ്ഞത് 400 കാർഡ് എങ്കിലും പുതിയ കടയിൽ ഉണ്ടാകണം. |
| **(സി)** നിലവിലുള്ള ലൈസൻസി മരണപ്പെടുകയാണെങ്കിൽ പ്രസ്തുത ലൈസൻസ് തുടർന്ന് കൈമാറ്റം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | **(സി)** നിലവിലുള്ള ലൈസൻസി മരണപ്പെടുകയാണെങ്കിൽ റേഷൻ വിതരണം തടസ്സപ്പെടാതിരിക്കുന്നതിനുവേണ്ടി ടി കട താൽക്കാലികമായി തൊട്ടടുത്ത കടയിൽ കൂട്ടിചേർക്കുന്നു. തുടർന്ന് കെ.ആർ.ഒ 1966 45(2) പ്രകാരം മരണപ്പെട്ടയാളുടെ ഭാര്യ/ഭർത്താവ്/ മക്കൾ തുടങ്ങി അനന്തരാവകാശിയുടെ പരിധിയിൽ വരുന്ന കുടുംബാംഗത്തിന്റെ പേരിൽ അപേക്ഷ, ലീഗൽ ഹയർഷിപ്പ് സർട്ടിഫിക്കറ്റ്, അപേക്ഷകന്റെ വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്/അപേക്ഷകന്റെ ആധാർ പകർപ്പ്, അപേക്ഷകൻ ഉൾപ്പെടുന്ന റേഷൻ കാർഡിന്റെ പകർപ്പ്, അപേക്ഷകന്റെ ഇലക്ഷൻ ഐ.ഡി യുടെ പകർപ്പ്, കെട്ടിട ഉടമയുടെ സമ്മതപത്രം [200 രൂപയുടെ മുദ്രപത്രത്തിൽ] റേഷൻ കട അനുവദിക്കുകയാണെങ്കിൽ (എസ്.സി/എസ്.ടി) |

ഒഴികെയുള്ളവർ സമയബന്ധിതമായി 10000 - രൂപയുടെ സോൾവൻസിയും 3500/- രൂപയുടെ സെക്യൂരിറ്റിയും 5000/- രൂപയുടെ ബാങ്ക് ഗ്യാരണ്ടിയും ഹാജരാക്കാമെന്ന 200/- രൂപയുടെ മുദ്രപത്രത്തിലുള്ള സമ്മതപത്രം എന്നിവ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ടി അപേക്ഷ പരിശോധിച്ച് താലൂക്ക് സപ്ലൈ ഓഫീസർ സാക്ഷ്യപ്പെടുത്തി നൽകുന്ന പ്രൊഫോർമ റിപ്പോർട്ട് ജില്ലാ സപ്ലൈ ഓഫീസർക്ക് കൈമാറി പ്രസ്തുത ഓഫീസർ അപേക്ഷകനെ/അപേക്ഷകയെ നേരിൽ കേട്ട് സമർപ്പിച്ച രേഖകൾ ബോധ്യപ്പെട്ടതിന് ശേഷം ലൈസൻസ് അനുവദിച്ച് നൽകുന്നതാണ്.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

| ക്രമ നം. | ജില്ല | താലൂക്ക് | റേഷൻ കട നം. | എണ്ണം |
|---|---|---|---|---|
| 1 | തിരുവനന്തപുരം | | | - |
| 2 | കൊല്ലം | | | - |
| 3 | പത്തനംതിട്ട | | | - |
| 4 | ആലപ്പുഴ | | | - |
| 5 | കോട്ടയം | | | - |
| 6 | എറണാകുളം | | | - |
| 7 | തൃശ്ശൂർ | | | - |
| 8 | പാലക്കാട് | മണ്ണാർക്കാട് | 154 | 07 |
| | | | 155 | |
| | | | 156 | |
| | | | 157 | |
| | | പട്ടാമ്പി | 136 | |
| | | ഒറ്റപ്പാലം | 149 | |
| | | | 150 | |
| 9 | ഇടുക്കി | ഇടുക്കി | 03 | 05 |
| | | തൊടുപുഴ | 215 | |
| | | | 216 | |
| | | | 148 | |
| | | ദേവികുളം | 13 | |
| 10 | കോഴിക്കോട് | കോഴിക്കോട് | 381 | 1 |
| 11 | മലപ്പുറം | തിരൂരങ്ങാടി | 180 | 1 |
| 12 | കണ്ണൂർ | | | - |
| 13 | വയനാട് | സുൽത്താൻ ബത്തേരി | 44 | 1 |
| 14 | കാസർഗോഡ് | ഹോസ്ദുർഗ് | 232 | 1 |
| | | | **ആകെ** | **16** |

**സെക്ഷൻ ഓഫീസർ**